**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്**

നം. 35602/ഐ.ബി. 1/2007/തസ്വഭവ.

തിരുവനന്തപുരം,
തീയതി: 09-01-2008.

## സർക്കുലർ

വിഷയം:- ഡി.ആർ.ഡി.എ - ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ പ്രോജക്ട് ഡയറക്ടർമാർ സർക്കാരുമായി എഴുത്തുകുത്ത് നടത്തുന്നതിനുള്ള നടപടിക്രമം - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 27-03-2001-ലെ സ.ഉ (എം.എസ്) നം. 87/01/തസ്വഭവ.

ജില്ലാ പഞ്ചായത്തുകളുടെ ഭാഗമായിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ പ്രോജക്ട് ഡയറക്ടർമാർ ജില്ലാ പഞ്ചായത്തുകളുടെ അറിവോ സമ്മതമോ കൂടാതെ സർക്കാരുമായി കത്തിടപാടുകൾ നടത്തിവരുന്നു. ഇത് ഭരണപരമായ പല ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും ഉണ്ടാകുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇതുസംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളിൽ നിന്നും തിരിച്ചുമുള്ള കത്തിടപാടുകൾ നടത്തേണ്ട രീതി സംബന്ധിച്ച വ്യവസ്ഥകൾ ക്രമനമ്പർ 10-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സാധാരണ കത്തിടപാടുകൾ (routine correspondence) ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലേയ്ക്കും തിരിച്ചും പ്രോജക്ട് ഡയറക്ടർ മുഖേന നടത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നയപരമായ കാര്യങ്ങൾ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനം/നിയമനം ദീർഘിപ്പിക്കൽ എന്നിവയ്ക്കും മറ്റ് പ്രധാനപ്പെട്ട കാര്യങ്ങൾക്കും സർക്കാരുമായും ഗ്രാമവികസന കമ്മീഷണറുമായുള്ള കത്തിടപാടുകൾ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ അംഗീകാരത്തോടെ ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളനുസരിച്ചുവേണം കത്തിടപാടുകൾ ഇനിമേലിൽ നടത്തേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രസിഡന്റ് മുഖേന).
എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

D. Sailaja Kumari Amma

സെക്ഷൻ ഓഫീസർ.